# Malayala Manorma

## 18 June 2018

## Kothamangalam: Heavy rain, Landslide

ചിത്രം: മനോരമ.

# ഒറ്റപ്പെട്ട് വടാട്ടുപാറയും ടൂറിസം കേന്ദ്രവും

- പ്ലസ് വൺ അലോട്മെന്റിനു പോകേണ്ട കുട്ടികളും ഒറ്റപ്പെട്ട ഗ്രാമങ്ങളിൽ
- രാത്രി വടാട്ടുപാറയിൽ സർവീസ് അവസാനിപ്പിച്ച ബസുകൾ കുടുങ്ങി

കോതമംഗലം ● ഭൂതത്താൻകെട്ട് റോഡിലെ കലുങ്ക് തകർന്നതോടെ വടാട്ടുപാറ ഗ്രാമപഞ്ചായത്തിലെ മൂവായിരത്തോളം കുടുംബങ്ങളും ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രവും ഒറ്റപ്പെട്ടു. വടാട്ടുപാറയിൽ നിന്നു പ്ലസ് വൺ അലോട്മെന്റിനായി കോതമംഗലത്തെ സ്കൂളുകളിലേക്കു പോകേണ്ട വിദ്യാർഥികളുടെ യാത്രയും മുടങ്ങി. ഇവിടെ നിന്നുള്ള കുട്ടികൾക്കു കൂടുതൽ സമയം അനുവദിക്കാൻ കലക്ടർ ഇടപെട്ടിട്ടുണ്ട്. വടാട്ടുപാറ ഗ്രാമ പഞ്ചായത്തിലെ ഒന്നു മുതൽ അഞ്ചു വരെ വാർഡുകാർക്കുള്ള ഏക ഗതാഗത മാർഗമാണ് ഈ റോഡ്. ഇവിടുത്തെ 90% ആളുകളും ഉപജീവനത്തിനും പഠനത്തിനുമായി കോതമംഗലത്തെയാണ് ആശ്രയിക്കുന്നത്. അവരുടെയെല്ലാം യാത്രാമാർഗമാണു നഷ്ടപ്പെട്ടത്. 12 സ്വകാര്യ ബസ് സർവീസുകളും അഞ്ച് കെഎസ്ആർടിസി സർവീസുകളും അഞ്ച് സ്കൂൾ ബസുകളുമാണ് ഇവിടേക്കുള്ളത്. ഇതിൽ പത്തിലേറെ ബസുകളും രാത്രിയിൽ വടാട്ടുപാറയിൽ സർവീസ് അവസാനിപ്പിക്കുകയാണു പതിവ്. ചൊവ്വാഴ്ച രാത്രി സർവീസ് അവസാനിപ്പിച്ച ബസുകളെല്ലാം വടാട്ടുപാറ ഭാഗത്തു കുടുങ്ങി.

വടാട്ടുപാറയിൽ നിന്നുള്ള യാത്രക്കാരെ കലുങ്കു പൊളിഞ്ഞ ഭാഗം വരെ എത്തിച്ചു മടങ്ങുകയാണു ബസുകളിപ്പോൾ. റിസർവോയറിലെ വെള്ളംകുറഞ്ഞ ഭാഗത്തുകൂടി യാത്രക്കാർ കാൽനടയായി മറുകരയിൽ എത്തി അവിടെ നിന്നു മറ്റേതെങ്കിലും വാഹനത്തിൽ കോതമംഗലത്തെത്തുകയാണു ചെയ്യുന്നത്. പെരിയാർ വാലി ജലസേചന പദ്ധതിയിൽ പെടുത്തി അടിയന്തരമായി പണികൾ പൂർത്തീകരിക്കുമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ കെ.എം. അലി പറഞ്ഞു. ഒരു മീറ്റർ വ്യാസമുള്ള പൈപ്പ് സ്ഥാപിച്ചു ജലമൊഴുക്കു നിയന്ത്രിച്ച ശേഷം അതിനു മുകളിൽ മണ്ണിട്ട് നികത്തി താൽക്കാലികമായി ഒരു വരി ഗതാഗതം പുനഃസ്ഥാപിക്കാനാണു ശ്രമം. ആന്റണി ജോൺ എംഎൽഎ, ആർഡിഒ എസ്. ഷാജഹാൻ, പിണ്ടിമന പഞ്ചായത്ത് പ്രസിഡന്റ് ജെയ്സൺ ഡാനിയേൽ, കുട്ടമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് വിജയമ്മ ഗോപി എന്നിവർ സ്ഥലത്തെത്തി.



റോഡ് തകർന്നതിനെ തുടർന്നു ഭൂതത്താൻകെട്ട് റിസർവോയറിന്റെ വൃഷ്ടിപ്രദേശത്തിലെ നീരൊഴുക്കു കുറഞ്ഞ ഭാഗത്തുകൂടി മറുകര കടക്കുന്ന നാട്ടുകാർ.

### വഴിയില്ലാതെ രണ്ടു പദ്ധതി പ്രദേശങ്ങളും

ഭൂതത്താൻകെട്ട് റോഡിലെ കലുങ്ക് ഇടിഞ്ഞതോടെ ജില്ലയിലെ പ്രധാന ടൂറിസം സങ്കേതത്തിലേക്കുള്ള യാത്ര തടസ്സപ്പെട്ടതിനു പുറമെ രണ്ടു പ്രധാന പദ്ധതി പ്രദേശങ്ങളും ഒറ്റപ്പെട്ടു. ജില്ലയിലെ മുഖ്യ ശുദ്ധജല പദ്ധതിയായ പെരിയാർവാലി ഇറിഗേഷൻ പദ്ധതി പ്രദേശത്തേക്കും ഇടമലയാർ ജലവൈദ്യുത പദ്ധതി പ്രദേശത്തേക്കും പ്രവേശനം തടസ്സപ്പെട്ടു. പെരിയാർ വാലി പദ്ധതി പ്രദേശത്ത് ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ ജോലികൾ പുരോഗമിക്കുകയാണ്. പാലത്തിനു സമാന്തരമായി മറ്റൊരു പാലവും പണിയുന്നുണ്ട്. പണിസാമഗ്രികൾ വലിയ ട്രെയിലറുകളിൽ അടുത്തിടെ എത്തിച്ചിരുന്നു. പാലത്തിന്റെ ബലക്ഷയത്തിന് ഈ വാഹനങ്ങളുടെ സഞ്ചാരം കാരണമായതായി കരുതുന്നുണ്ട്.